പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2834 20.06.2013 ലെ മറുപടിയ്ക്ക്

കൊല്ലം ജില്ല സപ്ളൈ ആഫീസർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാപോറ്റി | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) കോഴപ്പണം സ്വീകരിച്ചതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ല സപ്ളൈ ആഫീസർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) കൊല്ലം ജില്ലാ സപ്ളൈ ഓഫീസർ ശ്രീ.ഉണ്ണികൃഷ്ണനെതിരെ നടപടി സ്വീകരിക്കാൻ വിജിലൻസിൽ നിന്നും നിർദ്ദേശം ലഭിക്കാത്തതിനാൽ വകുപ്പ് തലത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| ബി) ടിയാനെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിന് കൊല്ലം വിജിലൻസ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച് അറിവ് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ: | ബി) കോഴപ്പണം സ്വീകരിച്ചതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ സപ്ളൈ ഓഫീസർ ശ്രീ.ഉണ്ണികൃഷ്ണനെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിന് 12.06.13 ന് കൊല്ലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് വിജിലൻസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ആരോപണവിധേയനായ പ്രസ്തുത ഉദ്യോഗസ്ഥന് പൊതുവിതരണ വകുപ്പിൽ പുനർനിയമനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | സി) 04.06.2013 ലെ ജി.ഒ.(ആർ.റ്റി)നം.175/2013/എഫ് & സി.എസ്.ഡി. ഉത്തരവു പ്രകാരം വയനാട് ജില്ലയിലേയക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ